**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2106** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഗോത്ര ജീവിക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഏറനാട് മണ്ഡലത്തിൽ ഗോത്ര ജീവിക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഗോത്ര ജീവിക പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽപ്പെട്ട 7 പേർക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്രയാളുകൾക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | 7 പട്ടികവർഗ്ഗ ഗുണഭോക്താക്കൾ. |
| (സി) | ഗോത്ര ജീവിക പദ്ധതി മുഖേനയുള്ള സംഘങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പദ്ധതി പ്രകാരം പരിശീലനം ലഭിച്ച തൊഴിലിനങ്ങളുടെ അടിസ്ഥാനത്തിൽ പണിയായുധങ്ങൾ വാങ്ങുന്നതിനായി വ്യക്തിഗതമായി തുക കണക്കാക്കി തൊഴിലിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സംഘങ്ങളുടെയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് നൈപുണ്യ വികസനവും സുസ്ഥിര ജീവനോപാധിയും ഉറപ്പ വരുത്തുക, സാമൂഹിക, സാമ്പത്തിക ശാക്തീകരണം നടപ്പാക്കുക, തൊഴിൽ സ്രോതസ്സുകൾ സൃഷ്ടിക്കുക, നിർമ്മാണ മേഖലയിൽ ഉൾപ്പെടെ പ്രായോഗിക പരിശീലനങ്ങൾ നൽകി തൊഴിൽ സേന രൂപീകരിക്കുക, തദ്ദേശീയമായ സംസ്കാരവും ആവാസവ്യവസ്ഥയും സംരക്ഷിച്ചുകൊണ്ട് മെച്ചപ്പെട്ട തൊഴിലും ജീവിത നിലവാരവും കൈവരിക്കുവാൻ പ്രാപ്തരാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

സെക്ഷൻ ഓഫീസർ